● പഠനം

● അബൂദർറ് എടയൂർ

# ഇസ്റാഈലിയ്യാത്തിന്റെ ഇനങ്ങൾ

വ്യത്യസ്ത പരിഗണനകൾ മുന്നിൽ വെച്ച് ഇസ്റാഈലിയ്യാത്തിനെ പ്രധാനമായും മൂന്നായി തരം തിരിക്കാം:

**1. നിവേദനങ്ങളുടെ ബലാബലം പരിഗണിച്ചുകൊണ്ടുള്ള വിഭജനം**

നിവേദക പരമ്പരയും ഉള്ളടക്കവും (സനദും മത്നും) പ്രബലമായത്. ഉദാഹരണം: അത്വാഉബ്നു യസാറിൽ നിന്ന് നിവേദനം. ഞാൻ അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്വിനെ കണ്ടപ്പോൾ തൗറാത്തിൽ മുഹമ്മദ് നബിയെക്കുറിച്ച് വല്ല വിവരണങ്ങളുമുണ്ടോ എന്നന്വേഷിച്ചു. അപ്പോൾ അദ്ദേഹം  പറഞ്ഞു: ഖുർആനിലെ, അല്ലയോ പ്രവാചകരേ താങ്കളെ നാം സാക്ഷിയും സുവിശേഷകനും മുന്നറിയിപ്പുകാരനുമായി നിയോഗിച്ചിരിക്കുന്നു (അൽഅഹ്സാബ്: 45) എന്ന സൂക്തത്തിന് സമാനമായത് തൗറാത്തിലും കാണാം. അതിൽ പറയുന്നു: അല്ലയോ പ്രവാചകരേ, താങ്കളെ നാം സാക്ഷിയും സുവിശേഷകനുമായി നിയോഗിച്ചിരിക്കുന്നു. താങ്കൾ എന്റെ ദാസനും ദൂതനുമാണ്. ഞാൻ താങ്കൾക്ക് മുതവക്കിൽ എന്ന് നാമകരണം ചെയ്തിരിക്കുന്നു. താങ്കൾ പരുഷ പ്രകൃതനോ കഠിന ഹൃദയനോ അങ്ങാടികളിൽ ബഹളം വെക്കുന്നവനോ അല്ല. അദ്ദേഹം തിന്മയെ തിന്മകൊണ്ട് നേരിടുകയില്ല. മറിച്ച് എല്ലാം പൊറുക്കുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യും. അദ്ദേഹം മുഖേന വഴി പിഴച്ച ജനതയെ നേർമാർഗത്തിലാക്കുകയും അന്ധമായ കണ്ണുകളെയും ബധിരമായ കാതുകളെയും അടഞ്ഞ ഹൃദയങ്ങളെയും തുറക്കുകയും ചെയ്യാതെ അല്ലാഹു അദ്ദേഹത്തെ തിരിച്ചുവിളിക്കുകയില്ല. (ബുഖാരി)

അത്വാഅ് പറയുന്നു: പിന്നീട് ഞാൻ കഅ്ബിനെ കണ്ടപ്പോൾ ഇക്കാര്യം വീണ്ടും ചോദിച്ചു. ഇതേ മറുപടി തന്നെയാണ് അദ്ദേഹവും പറഞ്ഞത്.

**സനദ്/മത്ന് ദുർബലമായത്**

ഉദാഹരണം: ശുഐബുൽ ജുബാഇയിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ

ഗ്രന്ഥത്തിൽ ഇപ്രകാരമുണ്ട്: മലക്കുകളാണ് സിംഹാസനത്തിന്റെ (അർശ്) വാഹകർ. അവരിൽ ഓരോരുത്തർക്കും മനുഷ്യന്റെയും കാളയുടെയും സിംഹത്തിന്റെയും മുഖങ്ങളുണ്ട്. അവർ തങ്ങളുടെ ചിറകുകൾ ചലിപ്പിക്കുന്നതാണ് മിന്നൽ. (തഫ്സീറു ത്ത്വബരി) ഈ ശുഐബുൽ ജുബാഇ വേദക്കാരിൽ നിന്ന് ഐതിഹ്യങ്ങൾ നിവേദനം ചെയ്യുന്നയാളാണെന്നും അയാൾ വിശ്വാസ്യ യോഗ്യനല്ല എന്നും ഹദീസ് നിദാനശാസ്ത്രകാരൻമാർ അഭിപ്രായപ്പെടുന്നു.

മറ്റൊരു ഉദാഹരണം: ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹു ഭൂമിക്കു ചുറ്റും ഒരു സമുദ്രം സൃഷ്ടിച്ചിരിക്കുന്നു. ആ സമുദ്രത്തിനപ്പുറത്ത് ഒരു പർവതവും. ഖാഫ് എന്നാണതിന്റെ പേര്. ഭൂമിയുടെ സമീപവാനം അതിൻമേലാണ് നിലകൊള്ളുന്നത്. ആ പർവതത്തിനപ്പുറത്ത് അല്ലാഹു ഒരു ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നു. അതിനു ചുറ്റും ഒരു സമുദ്രവും ആ സമുദ്രത്തിനപ്പുറത്ത് ഒരു പർവതവും. ഖാഫ് എന്നാണതിന്റെ പേര്. ഭൂമിയോടടുത്ത രണ്ടാം ആകാശം അതിന്മേലാണ് സ്ഥിതി ചെയ്യുന്നത്....... (ഇങ്ങനെ ഏഴ് സമുദ്രങ്ങളെയും ഭൂമികളെയും പർവതങ്ങളെയും ആകാശങ്ങളെയും കുറിച്ച് അതിൽ വിവരിക്കുന്നു). ശേഷം പറയുന്നു: ഇതാണ്, ഭൂമിയിലുള്ള മരങ്ങളൊക്കെയും പേനകളായിത്തീരുകയും സമുദ്രം (മഷിയായിത്തീരുകയും) വേറെ ഏഴു സമുദ്രങ്ങൾ മഷിയായി അതിനെ പോഷിപ്പിക്കുകയും ചെയ്യട്ടെ....(ലുഖ്മാൻ 27)എന്നതിന്റെ വിവക്ഷ.

സൂറത്തു ഖാഫിലെ ഖാഫ് എന്ന പദത്തിന്റെ വിശദീകരണത്തിൽ ഇത് ഉദ്ധരിച്ച ശേഷം ഇബ്നു കസീർ പറയുന്നു: ഇതിന്റെ പരമ്പര ഇടക്ക് മുറിഞ്ഞ് പോയിട്ടുണ്ട്. ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന മറ്റൊരു നിവേദനത്തിൽ ഖാഫ് അല്ലാഹുവിന്റെ നാമമായിട്ടാണ് പരിചയപ്പെടുത്തുന്നത്.

മറ്റൊരു ഉദാഹരണം: ഹാറൂത്- മാറൂത്ത് എന്നിവരുമായി ബന്ധപ്പെട്ട ഇമാം സുയൂത്വി തന്റെ അദ്ദുർറുൽ മൻസൂറിൽ നിന്ന് നിരവധി വിചിത്രമായ കഥകൾ ഉദ്ധരിച്ചിട്ടുണ്ട്. ഇബ്നു ഉമർ, ഇബ്നു ഇബ്നു മസ്ഊദ്, അലി, ഇബ്നു അബ്ബാസ്, കഅ്ബുൽ അഹ്ബാർ തുടങ്ങിയവരിൽ നിന്നുള്ള നിവേദനങ്ങളാണവ. അതിന്റെ ചുരുക്കം ഇങ്ങനെ:

മനുഷ്യർ ദൈവനിഷേധത്തിലും അധർമത്തിലും മുഴുകിയത് കണ്ടപ്പോൾ മലക്കുകൾ അതേകുറിച്ച് അല്ലാഹുവിനോട് ആശങ്ക അറിയിച്ചു. മാത്രമല്ല, മലക്കുകൾ മനുഷ്യരെ അധിക്ഷേപിക്കാനും അവർക്കെതിരെ പ്രാർഥിക്കാനും തുടങ്ങി. അപ്പോൾ അല്ലാഹു പറഞ്ഞു: മനുഷ്യരുടെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ, നിങ്ങളും ആ വിധമാണ് പ്രവർത്തിക്കുക. അന്നേരം മലക്കുകൾ പറഞ്ഞു: നാഥാ നീയെത്ര പരിശുദ്ധൻ. ഞങ്ങൾക്കൊരിക്കലും അങ്ങനെ പ്രവർത്തിക്കാനാവില്ല. ഉടനെ അല്ലാഹു പറഞ്ഞു: എങ്കിൽ നിങ്ങൾക്കിടയിൽ നിന്ന് നിങ്ങൾ രണ്ടുപേരെ തിരഞ്ഞെടുക്കുക. മനുഷ്യർക്ക് നൽകിയ ആജ്ഞാ വിലക്കുകൾ നാം അവർക്കു നൽകട്ടെ! മലക്കുകൾ ഹാറൂതിനെയും മാറൂതിനെയുമാണ് തിരഞ്ഞെടുത്തത്. അല്ലാഹു അവരിൽ ലൈംഗികാസക്തി സന്നിവേശിപ്പിച്ച ശേഷം ഭൂമിയിലേക്കിറങ്ങി. അല്ലാഹുവിനെ മാത്രമേ വണങ്ങാവൂ; അവന് പങ്കാളികളെ കൽപിക്കരുത്; അപരന്റെ ജീവൻ ഹനിക്കുകയോ നിഷിദ്ധ സമ്പാദ്യം ഭുജിക്കുകയോ മോഷണം, വ്യഭിചാരം, മദ്യപാനം തുടങ്ങിയ നിഷിദ്ധങ്ങൾ പ്രവർത്തിക്കുകയോ ചെയ്യരുത് എന്നീ നിർദ്ദേശങ്ങൾ അവർക്ക് നൽകപ്പെട്ടു. ഹാറൂതും മാറൂതും മനുഷ്യർക്കിടയിൽ കുറച്ചു കാലം സംശുദ്ധമായ ജീവിതം നയിച്ചു. അക്കാലത്ത് ബാബിലോണിൽ അതീവ സുന്ദരിയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. ഹാറൂതും മാറൂതും അവളിൽ ആകൃഷ്ടരാവുകയും അവളെ പ്രാപിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. തന്റെ മതവും ആദർശവും അംഗീകരിച്ചാലേ അതിനു സമ്മതിക്കുകയുള്ളൂവെന്നായിരുന്നു അവളുടെ പ്രതികരണം. എന്നാൽ അവൾ വിഗ്രഹാരാധികയാണെന്നു ബോധ്യമായപ്പോൾ ഉപാധി അംഗീകരിക്കാതെ അവർ പിന്മാറി. എങ്കിലും അവളോടുള്ള അനുരാഗം ഉള്ളിലൊതുക്കി അധിക കാലം പിടിച്ചുനിൽക്കാൻ അവർക്കായില്ല. വീണ്ടും അവളെ വശത്താക്കാനുള്ള ശ്രമം അവർ തുടർന്നു. മൂന്നിലൊരു ഉപാധി അംഗീകരിച്ചാലേ താൻ വഴങ്ങുകയുള്ളൂവെന്നായിരുന്നു ഇത്തവണ അവളുടെ പ്രതികരണം: ഒന്നുകിൽ വിഗ്രഹ പൂജ നടത്തുക, അതല്ലെങ്കിൽ ഒരാളെ വധിക്കുക, അതുമല്ലെങ്കിൽ മദ്യപാനം. ഒടുവിൽ താരതമ്യേന ലഘുവായത് എന്ന നിലയിൽ അവർ മദ്യപിക്കാൻ തയ്യാറായി. ലഹരി തലക്കുപിടിച്ചപ്പോൾ അവർ അവളുമായി ലൈംഗിക വേഴ്ചയിലേർപ്പെട്ടു. ഇതിനിടയിൽ അവരുടെ സമീപത്തുകൂടെ കടന്നുപോയ ഒരു വഴിപോക്കൻ ഇതെല്ലാം കാണാനിടയായി. സംഗതി വെളിച്ചതാകുമെന്ന് ഭയപ്പെട്ട അവർ ആ മനുഷ്യനെ കൊല ചെയ്തു. പിന്നീട് ലഹരി വിട്ടുമാറിയപ്പോഴാണ് അരുതായ്മകൾ സംഭവിച്ചുവെന്ന ബോധ്യം അവർക്കുണ്ടായത്. അന്നേരം, സംഭവിച്ചുപോയ കുറ്റകൃത്യങ്ങളിൽ അവർക്ക് അഗാധമായ ദുഃഖമുണ്ടായി. വാനലോകത്തേക്ക് തിരിച്ചുപോകാൻ അവർ ആഗ്രഹിച്ചെങ്കിലും സാധിച്ചില്ല. അധികം താമസിയാതെ തന്നെ അവരുടെ ദുഷ്ചെയ്തികളെ കുറിച്ച വാർത്തകൾ ലോകം മുഴുവൻ പ്രചരിച്ചു. വാർത്തയറിഞ്ഞ മലക്കുകൾക്ക് യാഥാർഥ്യ

ബോധമുണ്ടായി. ഭൗതിക ലോക സൃഷ്ടികൾ ദൈവഭക്തിയിൽ പിന്നോക്കമാകാനുള്ള കാരണം അവർക്കു പിടികിട്ടി. അതേ തുടർന്ന് ഭൂലോക വാസികൾക്ക് വേണ്ടി പാപമോചന പ്രാർഥന നടത്താൻ മലക്കുകൾ തയ്യാറാവുകയും ചെയ്തു. പാപഗർത്തത്തിൽ പതിച്ച ഹാറൂത്തിനോടും മാറൂത്തിനോടും, ഐഹിക-പാരത്രിക ശിക്ഷകളിലൊന്ന് തെരഞ്ഞെടുക്കണമെന്ന അറിയിപ്പുണ്ടായി. ഐഹിക ശിക്ഷക്ക് പര്യവസാനമുണ്ടെന്നും പാരത്രിക ശിക്ഷ അവിരാമം തുടരുമെന്നും ഗ്രഹിച്ച അവർ ഇഹലോക ശിക്ഷ തെരഞ്ഞെടുത്തു. അന്നുമുതൽ അവർ ബാബിലോണിൽ ബന്ധനസ്ഥരായി ശിക്ഷയേറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്.

ചില നിവേദനങ്ങളിൽ, അവർ ആ സ്ത്രീക്കു വാനാരോഹണം സാധ്യമാക്കുന്ന വചനം പഠിപ്പിച്ചുകൊടുത്തിരുന്നുവെന്നും അവൾ അതുമുഖേന ആകാശത്തേക്ക് ഉയർന്നുപോയെന്നും അല്ലാഹു അവളെ ഒരു നക്ഷത്രമാക്കി രൂപം മാറ്റിയെന്നുമുണ്ട്. പ്രസ്തുത നക്ഷത്രമാണത്രെ അറബിയിൽ സുഹറഃ എന്നറിയപ്പെടുന്ന വെള്ളിനക്ഷത്രം.

ഈ കഥ ചില നിവേദകൻമാർ നബി(സ)യിൽ നിന്ന് തന്നെ ഉദ്ധരിച്ചിരിക്കുന്നു! ഇബ്നു കസീർ, ഇമാം റാസി, ആലൂസി എന്നിവരെല്ലാം ഇക്കഥയെ പ്രമാണങ്ങൾ നിരത്തി ശക്തിയുക്തം നിഷേധിച്ചിട്ടുണ്ട്.

**വ്യാജനിർമ്മിതം**

ഉദാഹരണം: ഹുദൈഫതുൽ യമാനിൽ നിന്ന് നിവേദനം. പ്രവാചകൻ പറഞ്ഞു: ബനൂ ഇസ്റാഈൽ അതിക്രമികളും അഹങ്കാരികളുമായിത്തീരുകയും പ്രവാചകൻമാരെ വധിക്കുകയും ചെയ്തപ്പോൾ, പേർഷ്യൻ രാജാവായ ബുഖ്തുനസ്റിനെ അല്ലാഹു അവർക്കെതിരെ നിയോഗിച്ചു. 700 വർഷം അദ്ദേഹത്തിന് രാജാധിപത്യം നൽകി. അദ്ദേഹം അവർക്കെതിരെ പടനയിക്കുകയും ബൈതുൽ മഖ്ദിസ് ജയിച്ചടക്കുകയും ചെയ്തു. സകരിയാ നബിയെ കൊന്നതിന് പകരമായി 70000 ആളുകളെ അദ്ദേഹം കൊന്നൊടുക്കുകയും അവരുടെ കുടുംബക്കാരെ ബന്ദികളായി പിടിക്കുകയും ചെയ്തു.... തുർന്ന് അദ്ദേഹം ബൈതുൽ മഖ്ദിസിലെ ആഭരണങ്ങൾ കവർന്നെടുത്തു...... ഹുദൈഫ പറയുന്നു: ആ വിവരണം കേട്ടപ്പോൾ ഞാൻ പ്രവാചകനോട് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അക്കാലത്തും ബൈതുൽ മഖ്ദിസ് അല്ലാഹുവിങ്കൽ മഹനീയമായിരുന്നുവോ? നബി(സ) പറഞ്ഞു: തീർച്ചയായും. സുലൈമാൻ നബി സ്വർണവും മുത്തും പവിഴവുമെല്ലാം ഉപയോഗിച്ചാണ് അത് നിർമിച്ചത്...... (തഫ്സീറുത്ത്വബരി).

ഇതിനെ കുറിച്ച് ഇബ്നു കസീർ പറയുന്നു: ഈ കഥ വ്യാജമാണെന്നതിൽ സംശയമില്ല. ഇബ്നു ജരീർ എങ്ങനെ ഇത് ഉദ്ധരിച്ചു എന്നതാണ് ഏറെ അദ്ഭുതകരം.

**2. ഇസ്ലാമിക ശരീഅത്തുമായുള്ള യോജിപ്പും വിയോജിപ്പും അടിസ്ഥാനമാക്കിയുള്ള വിഭജനം**

യോജിപ്പുള്ളതിന് ഉദാഹരണം: അബൂസഈദിൽ ഖുദ്രിയിൽ നിന്ന് നിവേദനം. പ്രവാചകൻ പറഞ്ഞു: അന്ത്യനാളിൽ സ്വർഗാവകാശികൾക്കുള്ള വിഭവമായി ഭൂമി ഒരു റൊട്ടി പോലെ ആയിത്തീരും. അന്നേരം ജൂതനായ ഒരാൾ അങ്ങോട്ട് കടന്നുവന്നു. അയാൾ പറഞ്ഞു: അബുൽ ഖാസിം താങ്കളെ അല്ലാഹു അനുഗ്രഹിക്കട്ടെ. അന്ത്യനാളിൽ സ്വർഗസ്ഥർക്കുള്ള വിഭവമെന്താണെന്ന് ഞാൻ പറഞ്ഞുതരട്ടെയോ? പ്രവാചകൻ: അതെ. അയാൾ: ഭൂമി ഒരു റൊട്ടി പോലെ ആകും. പ്രവാചകൻ പറഞ്ഞതിനു സമാനമായി അദ്ദേഹം അക്കാര്യം വിശദീകരിച്ചു. അതു കേട്ട പ്രവാചകൻ പൊട്ടിച്ചിരിച്ചു. (ബുഖാരി, മുസ്ലിം)

വിയോജിപ്പുള്ളതിന് ഉദാഹരണം: ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം: സുലൈമാൻ നബി(സ) ഒരിക്കൽ ബാത്ത് റൂമിൽ പോകാൻ ഉദ്ദേശിച്ചപ്പോൾ തന്റെ മോതിരം ഭാര്യയായ ജറാദഃയെ ഏൽപിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ പിശാച് സുലൈമാൻ നബിയുടെ രൂപത്തിൽ വന്നുകൊണ്ട് എന്റെ മോതിരം തരൂ എന്ന് പറഞ്ഞപ്പോൾ അവൾ അത് നൽകി. അങ്ങനെ പിശാച് അത് ധരിച്ചപ്പോൾ ജിന്നുകളും മനുഷ്യരുമെല്ലാം അവന് കീഴടങ്ങി. പക്ഷേ, ഇതൊന്നുമറിയാത്ത സുലൈമാൻ നബി ബാത്ത് റൂമിൽ നിന്ന് തിരിച്ചെത്തി ഭാര്യയോട് മോതിരം ആവശ്യപ്പെട്ടു. അവൾ: അത് ഞാൻ സുലൈമാന് കൊടുത്തല്ലോ. സുലൈമാൻ: ഞാനാണ് സുലൈമാൻ. അവൾ: അല്ല, നീ കള്ളം പറയുകയാണ്. അങ്ങനെ അദ്ദേഹം യാഥാർഥ്യം ബോധ്യപ്പെടുത്താൻ പലരെയും സമീപിച്ചെങ്കിലും ആരും അത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അങ്ങനെ പിശാച് ഭരണം തുടങ്ങി. അല്ലാഹു സുലൈമാൻ നബിക്ക് അധികാരം തിരിച്ചുകൊടുക്കാൻ ഉദ്ദേശിച്ചപ്പോൾ, ആ പിശാചിനോട് ജനമനസുകളിൽ വെറുപ്പ് സൃഷ്ടിച്ചു. ചില ആളുകൾ സുലൈമാൻ നബിയുടെ ഭാര്യമാരെ സമീപിച്ച് ചോദിച്ചു: സുലൈമാനിൽ നിന്ന് വിചിത്രമായ വല്ല സ്വഭാവങ്ങളും ഉണ്ടാവുന്നുണ്ടോ? അവർ പറഞ്ഞു: ഞങ്ങൾ ആർത്തവകാരികളായിരിക്കെ അദ്ദേഹം ഞങ്ങളെ പ്രാപിക്കാനായി വരുന്നു. അതിന് മുമ്പ് അദ്ദേഹം വരുന്നുമില്ല. തന്റെ കള്ളത്തരം പൊളിഞ്ഞിരിക്കുന്നുവെന്ന് പിശാചിന് തോന്നി. ഉടനെ പിശാചിന്റെ കൂട്ടാളികൾ ഒരു തകിടിൽ ചിലതെല്ലാം കുത്തിക്കുറിച്ച് സിംഹാസനത്തിന് താഴെ കുഴിച്ചിട്ടു.

തുടർന്ന് ജനങ്ങളെ വിളിച്ചുകൂട്ടി അത് കാണിച്ചുകൊടുക്കുകയും ഇതാണ് സുലൈമാന്റെ അധികാരത്തിന്റെ രഹസ്യമെന്ന് അവർ വിളിച്ചു പറയുകയും ചെയ്തു. അതോടെ സുലൈമാനെ ആളുകൾ തള്ളിപ്പറഞ്ഞു. ശേഷം പിശാച് ആ മോതിരം സമുദ്രത്തിലെറിയാൻ തന്റെ സേവകനോട് നിർദ്ദേശിച്ചു. അങ്ങനെ ഒരു മത്സ്യം ആ മോതിരം വിഴുങ്ങി. ഒരു ദിവസം സുലൈമാൻ കടൽതീരത്ത് കൂലിപ്പണി ചെയ്തുകൊണ്ടിരിക്കെ, ഒരാൾ വന്ന് കൊണ്ട് കുറെ മത്സ്യം വാങ്ങി. അതിൽ മോതിരം വിഴുങ്ങിയ മത്സ്യവുമുണ്ടായിരുന്നു. അയാൾ ആ മത്സ്യങ്ങൾ ചുമന്ന് വീട്ടിലെത്തിക്കാൻ സുലൈമാനെ ഏൽപിച്ചു. അങ്ങനെ തിരിച്ചുപോരാൻ സമയത്ത് അയാൾ കൂലിയായി ഒരു മത്സ്യമാണ് സുലൈമാന് നൽകിയത്. ഭാഗ്യവശാൽ മോതിരം വിഴുങ്ങിയ മത്സ്യമായിരുന്നു അത്. സുലൈമാൻ ആ മത്സ്യത്തിന്റെ വയറ് കീറി നോക്കിയപ്പോഴതാ തന്റെ മോതിരം. ഉടനെ അദ്ദേഹം അതെടുത്ത് ധരിച്ചു. അതോടെ ജിന്നുകളും മനുഷ്യരുമെല്ലാം അദ്ദേഹത്തിന് കീഴ്പ്പെട്ടു. (നസാഇൗ, ഇബ്നു ജരീർ, ഇബ്നു അബീഹാതിം എന്നിവർ ശക്തമായ സനദ് സഹിതം ഉദ്ധരിച്ചത്).

**ഇസ്‌ലാമിക ശരീഅത്ത് യോജിപ്പോ വിയോജിപ്പോ രേഖപ്പെടുത്താത്തവ**

ഉദാഹരണം: ഇബ്റാഹീമിനോട് തർക്കിച്ചവനെ കുറിച്ച് നീ ആലോചിച്ചിട്ടില്ലേ? ഇബ്റാഹീമിന്റെ റബ്ബ് ആരാണ് എന്നതിലായിരുന്നു തർക്കം. അല്ലാഹു ആ മനുഷ്യന് രാജാധികാരം നൽകിയതാണ് അതിനു നിമിത്തമായത്. ഇബ്റാഹീം പറഞ്ഞു: ജീവിതവും മരണവും ആരുടെ അധികാരത്തിലാണോ അവനാകുന്നു എന്റെ റബ്ബ്. അയാൾ പറഞ്ഞു: ജീവിപ്പിക്കാനും മരിപ്പിക്കാനും എനിക്ക് അധികാരമുണ്ട്. ഇബ്റാഹീം പറഞ്ഞു: ശരി, അല്ലാഹു സൂര്യനെ കിഴക്കുനിന്ന് നയിച്ചുകൊണ്ടിരിക്കുന്നു. നീ അതിനെ പടിഞ്ഞാറുനിന്ന് നയിക്കുക. ഇത് കേട്ട് ആ സത്യനിഷേധി ഉത്തരം മുട്ടി എന്ന സൂറത്തുൽ ബഖറ 258ാം സൂക്തത്തിന്റെ വിശദീകരണത്തിൽ മുഖാതിൽ തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നു: ഇബ്റാഹീമിന് എന്ത് മറുപടിയാണ് നൽകുക എന്നറിയാതെ അയാൾ വിയർത്തു. പിന്നീട് ഇബ്റാഹീമിനെ തീയിൽ നിന്ന് രക്ഷപ്പെടുത്തിയ ശേഷം അല്ലാഹു നംറൂദിനെതിരെ ഒരു കൊതുകിനെ അയച്ചു. അത് അയാളുടെ ചുണ്ടിൽ കടിച്ചു. അയാൾ അതിനെ ആട്ടാൻ ശ്രമിച്ചപ്പോൾ അത് അയാളുടെ മൂക്കിൽ പ്രവേശിച്ചു. അതിനെ പുറത്തെടുക്കാൻ എല്ലാ അടവുകളും പയറ്റിയെങ്കിലും പരാജയപ്പെട്ടു. അത് അയാളുടെ തലച്ചോറിലെത്തി. നാല്പത് ദിവസം അയാൾ അതിന്റെ പ്രയാസമനുഭവിച്ചു. ഒടുവിൽ മരണത്തിന് കീഴടങ്ങി.

മറ്റൊരു ഉദാഹരണം: ബനൂ ഇസ്റാഇൗൽ സമൂഹത്തിൽ ധനികനായ ഒരു വ്യക്തിക്ക് സുന്ദരിയായ ഒരു മകളുണ്ടായിരുന്നു. ഒരിക്കൽ അയാളുടെ സഹോദരപുത്രൻ അവളെ വിവാഹം കഴിക്കാൻ താല്പര്യം പ്രകടിപ്പിച്ചു. പക്ഷേ അയാൾ സമ്മതിച്ചില്ല. ഇതിൽ അരിശം പൂണ്ട സഹോദരപുത്രൻ ഞാൻ എന്റെ പിതൃവ്യനെ വധിക്കുമെന്നും അയാളുടെ സമ്പത്ത് പിടിച്ചടക്കുമെന്നും മകളെ വിവാഹം ചെയ്യുമെന്നും അയാളുടെ പേരിലുള്ള പ്രായശ്ചിത്ത ധനം (ദിയ) ഭക്ഷിക്കുമെന്നും പ്രതിജ്ഞ ചെയ്തു. ഒരു ദിവസം അവൻ തന്റെ പിതൃവ്യനെ സമീപിച്ച് പറഞ്ഞു: അങ്ങാടിയിൽ ഒരു കച്ചവടസംഘം വന്നിട്ടുണ്ട്. താങ്കൾ എന്നോടൊപ്പം വന്ന് അവ എനിക്ക് വാങ്ങിത്തരണം. താങ്കൾ ശ്രമിച്ചാൽ അത് എനിക്ക് ലഭിക്കും. അങ്ങനെ പിതൃവ്യൻ അവനോടൊപ്പം അങ്ങാടിയിലേക്ക് പുറപ്പെട്ടു. പക്ഷേ വഴിക്ക് വെച്ച് അവൻ പിതൃവ്യനെ കൊലപ്പെടുത്തി. ശേഷം വീട്ടിലേക്ക് മടങ്ങി. പിറ്റേ ദിവസം രാവിലെ ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അവൻ പിതൃവ്യന്റെ വീട്ടിലെത്തി അദ്ദേഹത്തെ അന്വേഷിച്ചു. എന്നാൽ വീട്ടുകാർക്ക് അദ്ദേഹത്തെ കുറിച്ച് ഒരു വിവരവുമില്ലായിരുന്നു. അങ്ങനെ അവൻ പിതൃവ്യനെ കൊന്ന സ്ഥലം ലക്ഷ്യമാക്കി പുറപ്പെട്ടു. അവിടെയെത്തിയപ്പോൾ ഒരു വലിയ ജനക്കൂട്ടം ആ മൃതശരീരത്തെ പൊതിഞ്ഞിരുന്നു. അത് കണ്ടതോടെ അവൻ വാവിട്ടു കരയാൻ തുടങ്ങി. അവൻ പറഞ്ഞു: നിങ്ങളെല്ലാവരും കൂടി എന്റെ പിതൃവ്യനെ കൊന്നു അല്ലേ. ഇതിന് നിങ്ങൾ നഷ്ടപരിഹാരം തന്നേ മതിയാവൂ. വിഷയം മൂസാ നബിയുടെ സന്നിധിയിലെത്തി. നഷ്ടപരിഹാരം നൽകാൻ അദ്ദേഹം വിധിച്ചു. അന്നേരം അവർ പറഞ്ഞു: മൂസാ, ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ താങ്കൾ അല്ലാഹുവിനോട് പ്രാർഥിക്കണം. താങ്കൾ വിധിച്ച നഷ്ടപരിഹാരം നൽകുക ഞങ്ങൾക്ക് പ്രയാസമുള്ള കാര്യമല്ല. പക്ഷേ അതിന്റെ അപമാനം സഹിക്കാൻ ഞങ്ങൾക്കാവില്ല. (അൽബഖറ: 67 ന്റെ വിശദീകരണത്തിൽ ഇബ്നു കസീർ ഉദ്ധരിച്ചത്).

**3. വിഷയാധിഷ്ഠിതമായ വിഭജനം**

* ആദർശവുമായി ബന്ധപ്പെട്ടവ. ഉദാഹരണം: അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് നിവേദനം. റസൂലിന്റെ അടുത്തേക്ക് ഒരു ജൂത പണ്ഡിതൻ വന്ന് പറഞ്ഞു: മുഹമ്മദേ, ഞങ്ങൾ തൗറാത്തിൽ ഇങ്ങനെ കാണുന്നു: അല്ലാഹു ആകാശങ്ങളെ ഒരു വിരലിലും ഭൂമിയെ ഒരു വിരലിലും മരങ്ങളെ ഒരു വിരലിലും വെള്ളവും മണ്ണും മറ്റൊരു വിരലിലും മറ്റെല്ലാ സൃഷ്ടികളെയും ഒരു വിരലിലും വെച്ചുകൊണ്ട് പറയുന്നു, ഞാനാണ് രാജാവ് എന്ന്. അപ്പോൾ നബി(സ) തന്റെ അണപ്പല്ല് വെളിവാകുന്ന വിധം ചിരിച്ചു. തുടർന്ന് തുടർന്ന് ഖുർആനിൽ നിന്ന് ഈ സൂക്തം പാരായണം ചെയ്തു: അല്ലാഹുവേ

മനസിലാക്കേണ്ട വിധം അവർ മനസിലാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപ് നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിലൊതുങ്ങും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുട്ടി പിടിക്കപ്പെടും. അവനത്രെ പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം ഉയർന്നിരിക്കുന്നവനത്രെ അവൻ. (അസ്സുമർ: 67) (ബുഖാരി)

*** വിധിവിലക്കുകളുമായി ബന്ധപ്പെട്ടവ**

ഉദാഹരണം: അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന്. ജൂതന്മാർ നബിയുടെ അടുത്ത് വന്ന്, അവരിൽ ഒരു പുരുഷനും സ്ത്രീയും വ്യഭിചരിച്ചതായി പരാതി പറഞ്ഞു. അപ്പോൾ നബി(സ) അവരോട് ചോദിച്ചു: അതിനെ സംബന്ധിച്ച് തൗറാത്തിലെന്താണുള്ളത്? ഞങ്ങളവരെ അപമാനിക്കണമെന്നും അവർക്ക് ചാട്ടവാറടി ശിക്ഷ നൽകണമെന്നുമാണുള്ളതെന്ന് അവർ പറഞ്ഞു. അപ്പോൾ അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു: നിങ്ങൾ പറഞ്ഞത് കള്ളമാണ്. എറിഞ്ഞുകൊല്ലപ്പെടണമെന്നാണല്ലോ അതിലുള്ളത്. അതോടെ അവർ തൗറാത്ത് കൊണ്ടുവന്നു. അത് തുറന്നു. എറിഞ്ഞുകൊല്ലപ്പെടണമെന്നുപറയുന്ന വചനത്തിന് മീതെ അവരിലൊരാൾ തന്റെ കൈവെച്ചു. അപ്പോൾ അയാളോട് അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു: നിന്റെ കൈ മാറ്റൂ. അയാൾ കൈ എടുത്തു. അതാ അവിടെ എറിഞ്ഞു കൊല്ലണമെന്ന സൂക്തം. ജൂതന്മാർ പറഞ്ഞു: മുഹമ്മദേ ഇദ്ദേഹം പറഞ്ഞത് സത്യമാണ്. തുടർന്ന് വ്യഭിചരിച്ച രണ്ട് പേരെയും നബിയുടെ കല്പനയനുസരിച്ച് എറിഞ്ഞുകൊന്നു. (ബുഖാരി)

***ഉപദേശ നിർദ്ദേശങ്ങളുമായും സംഭവങ്ങളുമായും ബന്ധപ്പെട്ടവ**

ഉദാഹരണം: ജുറൈജ് എന്ന് പേരുള്ള ഒരു പുണ്യപുരുഷനുണ്ടായിരുന്നു. ഒരിക്കൽ ഒരു വേശ്യ അദ്ദേഹത്തെ കുറിച്ച് ദുരാരോപണമുന്നയിച്ചു. അദ്ദേഹമാണ് അവളുടെ ഗർഭത്തിന് ഉത്തരവാദി എന്ന് അവൾ വാദിച്ചു. വിഷയം ഭരണാധികാരിയുടെ മുന്നിലെത്തി. അങ്ങനെ ഭരണാധികാരി അദ്ദേഹത്തെ തന്റെ ആരാധനാലയത്തിൽ നിന്ന് പുറത്താക്കി അതിന് തീവെച്ചു. നിങ്ങളെന്താണീ കാണിക്കുന്നത്? ജുറൈജ് ചോദിച്ചു. അല്ലാഹുവിന്റെ ശത്രൂ, നീ ജനങ്ങളെ പറ്റിക്കുകയാണല്ലോ, നീ ഈ സ്ത്രീയുമായി വേശ്യവൃത്തിയിലേർപ്പെട്ടില്ലേ? ഉടനെ ജുറൈജ് പറഞ്ഞു: നിൽക്കൂ. എന്റേതാണെന്ന് ആ സ്ത്രീ വാദിക്കുന്ന കുട്ടിയോട് തന്നെ നമുക്ക് ചോദിക്കാം. അങ്ങനെ ജുറൈജ് കുട്ടിയോട് ചോദിച്ചു: മോനേ, നിന്റെ പിതാവ് ആരാണ്? കുട്ടി പറഞ്ഞു: എന്റെ പിതാവ് ഇന്ന ആട്ടിടയനാണ്. - അവൾ അയാളെ സമീപിച്ച് ഗർഭിണിയായതാണ്- യാഥാർഥ്യം തിരിച്ചറിഞ്ഞപ്പോൾ ബനൂ ഇസ്റാഈൽ ജനത ജുറൈജിനെ അങ്ങേയറ്റം ആദരിക്കുകയും താങ്കൾക്ക് സ്വർണം കൊണ്ടുള്ള ആരാധനാലയം പകരം പണിതു തരാമെന്ന് പറയുകയും ചെയ്തു. പക്ഷേ അദ്ദേഹം അത് നിരസിക്കുകയും പകരം മുമ്പുണ്ടായിരുന്നതുപോലെ മണ്ണുകൊണ്ട് ഉണ്ടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. (ഇബ്നു കസീർ തന്റെ തഫ്സീറിൽ ഉദ്ധരിച്ചത്)

തൗറാത്തിലുള്ളതായി മുഹമ്മദുബ്നു ഇസ്ഹാഖ് ഉദ്ധരിക്കുന്നു: അല്ലാഹു നൂഹ് നബിയോട് തേക്ക് ഉപയോഗിച്ച് കപ്പലുണ്ടാക്കാൻ കൽപിച്ചു. എൺപത് മുഴം നീളവും അൻപത് മുഴം വീതിയുമുണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചു..... (ഇബനു കസീർ/ സൂറത്തുഹൂദ്: 37)

വ്യത്യസ്ത മാനദണ്ഡങ്ങൾ മുൻനിർത്തി ഇസ്റാഈലിയ്യാത്തിനെ ഇപ്രകാരം വിഭജിക്കാമെങ്കിലും ഇവയെല്ലാം പരസ്പരബന്ധിതമാണ്. സ്വീകാര്യം, അസ്വീകാര്യം, മൗനം പാലിക്കപ്പെട്ടവ എന്നീ മൂന്ന് തലക്കെട്ടുകളിൽ ഇവയെയെല്ലാം വർഗീകരിക്കാം.

**ഇസ്റാഈലിയ്യാത്ത് ഉണ്ടാക്കുന്ന അപകടങ്ങൾ**

ഇസ്റാഈലിയ്യാത്തുകളിൽ അടങ്ങിയ കെട്ടുകഥകൾ - അവയിൽ നല്ലൊരു ശതമാനം പ്രവചകനിലേക്കും സഹാബികളിലേക്കും ചേർത്ത് പറയപ്പെടുന്നവയായതിനാലും പല മുഫസ്സിറുകളും അവ ഖുർആനിക സൂക്തങ്ങൾ വ്യാഖ്യാനിക്കാൻ ഉപയോഗപ്പെടുത്തുന്നതിനാലും- ഉണ്ടാക്കുന്ന അപകടങ്ങളും ദൂഷ്യങ്ങളും നിസാരമല്ല. അവയിൽ ചിലത് താഴെ ചേർക്കുന്നു:

**1. മുസ്‌ലിംകളുടെ ആദർശത്തെ വികലമാക്കുന്നു**

അല്ലാഹുവിനെ മറ്റുള്ളവയുമായി സാദൃശ്യപ്പെടുത്തുക, അല്ലാഹുവിന്റെ മഹത്വത്തിനും തികവിനും അനുയോജ്യമല്ലാത്ത വിധം അവനെ വിശേഷിപ്പിക്കുക, പ്രവാചകന്മാരുടെ പാപസുരക്ഷിതത്വം നിഷേധിക്കുക, അവരെ ഭോഗാസക്തരായി ചിത്രീകരിക്കുക തുടങ്ങിയ പലതും നാം ഇസ്റാഈലിയ്യാത്തുകളിൽ കാണുന്നു.

ലൂത്ത് നബിയുടെ ജനതയുടെ നാശമായി ബന്ധപ്പെട്ടുകൊണ്ടുള്ള കഥ ഉദാഹരണം. അതിൽ പറയുന്നു: അല്ലാഹുവും രണ്ട് മലക്കുകളും മനുഷ്യരൂപത്തിൽ ഇബ്റാഹീം നബിയുടെ അടുക്കൽ വന്നു. ഇബ്റാഹീം അവരെ സ്വീകരിച്ചിരുത്തി. ശേഷം അടുക്കളയിലേക്ക് ചെന്ന് വേഗം കുറച്ച് റൊട്ടിയുണ്ടാക്കാൻ ആവശ്യപ്പെട്ടു. പിന്നീട് നല്ല കൊഴുത്ത ഒരു കാളക്കുട്ടിയെ പിടിച്ച് ഭൃത്യനെ ഏൽപിക്കുകയും അതിനെ അറുത്ത് പാകം ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. അല്പം സമയം

കഴിഞ്ഞപ്പോൾ ഭക്ഷണം വിളമ്പി അതിഥികളുടെ മുന്നിൽ വെച്ചു. ഒരു മരത്തിന്റെ ചുവട്ടിലിരുന്ന് അവർ അത് ഭക്ഷിച്ചു. തുടർന്ന് അല്ലാഹു സാറയിൽ ഒരു സന്താനം ജനിക്കുന്നതിനെ കുറിച്ചും ലൂത്വ് നബിയുടെ ജനതയെ നശിപ്പിക്കാൻ തീരുമാനിച്ച വിവരവും ഇബ്റാഹീമിനോട് പറഞ്ഞു. തുടർന്ന് അതിഥികൾ യാത്ര പറഞ്ഞിറങ്ങി.

എന്നാൽ ഖുർആൻ ഈ വിഷയം പരാമർശിക്കുമ്പോൾ, ഇബ്റാഹീം നബിയുടെ അടുക്കൽ വന്നത് മലക്കുകൾ മാത്രമാണ് എന്ന് പ്രസ്താവിക്കുന്നു. (ഹൂദ്:69,70)

മറ്റൊരു ഉദാഹരണം; പ്രപഞ്ചസൃഷ്ടിപ്പിൽ നിന്ന് വിരമിച്ച ശേഷം ഏഴാംനാൾ വിശ്രമിച്ചു. ആ ദിനത്തെ പവിത്രമാക്കി. എന്നാൽ അല്ലാഹുവിനെ യാതൊരു ക്ഷീണവും ബാധിക്കുകയില്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ആറുനാളുകളിലായി ആകാശഭൂമികളെയും അവക്കിടയിലുള്ളവയെയും നാം സൃഷ്ടിച്ചു. നമ്മെ ക്ഷീണം ബാധിച്ചിട്ടില്ല. (ഖാഫ്: 38)

പ്രവാചകൻമാരുടെ മേൽ കുറ്റങ്ങൾ ചാർത്തുകയും അവരുടെ പാപസുരക്ഷിതത്വത്തെ നിഷേധിക്കുകയും ചെയ്യുന്നതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. അവയിൽ ഒന്ന് ഇങ്ങനെ: ലൂത്വ് നബിയുടെ രണ്ട് പുത്രിമാർ അദ്ദേഹത്തെ മദ്യം കുടിപ്പിച്ചു. അങ്ങനെ അദ്ദേഹം അവരുമായി ലൈംഗിക വേഴ്ച നടത്തി. അവർ ഇരുവരും ഗർഭിണികളായി.

വ്യഭിചാരമുൾപ്പടെയുള്ള മ്ലേഛതകൾക്കെതിരെ സന്ധിയില്ലാ സമരം നടത്തിയ പ്രവാചകനെ കുറിച്ചാണ് ഇത്തരമൊരു ആരോപണം ഉന്നയിക്കുന്നത്. (ഉപരിസൂചിത കഥകളെല്ലാം ബൈബിളിലെ ഉൽപത്തി പുസ്തകത്തിലുള്ളവയാണ്)

**2. ഇസ്റാഈലിയ്യാത്തുകൾ ഇസ്ലാമിനെ അനാചാരകേന്ദ്രീകൃത മതമായി ചിത്രീകരിക്കുന്നു**

ആദമിന്റെ തല മേഘങ്ങളിൽ സ്പർശിച്ചിരുന്നു, സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ ആദം കരയുകയും അത് ഭൂമിയിൽ കടലായി ഒഴുകുകയും അതിൽ കപ്പലുകൾ സഞ്ചരിക്കുകയും ചെയ്തു, ദാവൂദ് നബി 40 ദിവസം തുടർച്ചയായി സുജൂദ് ചെയ്യുകയും അദ്ദേഹത്തിന്റെ കണ്ണുനീരിനാൽ പുല്ലുകൾ മുളക്കുകയും ചെയ്തു തുടങ്ങിയ കഥകൾ ഉദാഹരണം. അതുപോലെ ദൈവസിംഹാസനത്തിന്റെ വാഹകരായ മലക്കുകളും അതിനു ചുറ്റും നിലകൊള്ളുന്നവരും എല്ലാം റബ്ബിന്റെ സ്തുതി കീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു എന്ന സൂക്തത്തിന്റെ (ഗാഫിർ: 7) വ്യാഖ്യാനത്തിൽ ഇമാം ഖുർത്വുബി ഉദ്ദരിക്കുന്നു: സിംഹാസനത്തിന്റെ വാഹകരുടെ കാലുകൾ ഭൂമിക്കടിയിലാണ്.... കഅ്ബുൽ അഹ്ബാറിൽ നിന്ന് തുടർന്ന് ഉദ്ദരിക്കുന്നു: അല്ലാഹു അർശിനെ സൃഷ്ടിച്ചപ്പോൾ അത് പറഞ്ഞു: എന്നേക്കാൾ വലിയ ഒരു സൃഷ്ടിയെ ഇനി അല്ലാഹു സൃഷ്ടിക്കുകയില്ല. അപ്പോൾ അത് പ്രകമ്പനം കൊണ്ടു. അതിന്റെ മുകളിൽ അല്ലാഹു ഒരു പാമ്പിനെ വെച്ചു. ആ പാമ്പിന് 70000 ചിറകുകളുണ്ട്. ഓരോ ചിറകിലും 70000 തൂവലുകളും ഓരോ തൂവലിലും 70000 മുഖങ്ങളും ഓരോ മുഖത്തിലും 70000 വായകളും ഓരോ വായയിലും 70000 നാവുകളും ഉണ്ട്. ആ വായകളിൽ നിന്ന് ദിനംപ്രതി, മഴത്തുള്ളികളുടെയും മരങ്ങളുടെയും ഇലകളുടെയും ചരൽകല്ലുകളുടെയും മൺതരികളുടെയും ഇഹലോകത്തിലെ ദിനങ്ങളുടെയും മലക്കുകളുടെയും എണ്ണത്തിന് സമാനമായ തസ്ബീഹുകൾ പുറത്തേക്ക് വന്നുകൊണ്ടിരിക്കുന്നു. ആ പാമ്പ് അർശിനെ ചുറ്റിവരിഞ്ഞു. പകുതിയോളം പാമ്പിനാൽ ചുറ്റപ്പെട്ട അവസ്ഥയിലാണ് അർശ്.

3. സഹാബികളിലും താബിഇകളിലുമുള്ള പൂർവകാല പണ്ഡിതന്മാരെ കുറിച്ച വിശ്വാസവും മതിപ്പും നഷ്ടപ്പെടാൻ ഇസ്റാഈലിയ്യാത്തുകൾ ഇടയാക്കുന്നു. നിരവധി കെട്ടുകഥകൾ സച്ചരിതരായ മുൻഗാമികളുടെ പേരിലേക്ക് ചേർക്കപ്പെട്ട് ഉദ്ധരിക്കപ്പെടുന്നുണ്ട്. ദീനീ വിജ്ഞാനീയങ്ങളുടെ പ്രധാന സ്ത്രോതസുകളായി മുസ്ലിംകൾ ഗണിക്കുന്ന ആളുകളെ കുറിച്ച് തെറ്റായ സങ്കൾപങ്ങൾ വളർന്നുവരാൻ അവരിലേക്ക് ചേർത്ത് ഉദ്ധരിക്കപ്പെടുന്ന ഇസ്റാഈലിയ്യാത്തുകൾ വഴിയൊരുക്കുന്നു. അവർ ഇസ്ലാമിനെ തകർക്കാൻ വേണ്ടി നുഴഞ്ഞുകയറിയവരാണെന്ന് വരെ ആരോപിക്കപ്പെടുന്നു. അബൂഹുറൈറ (റ) അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. (അദ്ദേഹത്തിന്റെയും മറ്റും ഇസ്റാഈലിയ്യാത്തുകളോടുള്ള സമീപനം പിന്നീട് വരുന്നതാണ്).

4. വിശുദ്ധ ഖുർആനിന്റെ അവതരണ ലക്ഷ്യത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനും ഖുർആൻ പഠിക്കുകയും പാഠമുൾക്കൊള്ളുകയും ചെയ്യുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിക്കാനും യാതൊരു അടിസ്ഥാനവുമില്ലാത്ത കെട്ടുകഥകളുടെ പിന്നാലെ പോയി അതിനെ കുറിച്ച് ചർച്ച ചെയ്ത് സമയം നഷ്ടപ്പെടുത്താനും കാരണമാക്കുന്നു. ഗുഹാവാസികളുടെ നായയുടെ നിറമെന്ത്, പേരെന്ത്, മൂസയുടെ വടി ഏത് മരത്തിന്റെ ശാഖയാണ്, ഖളിർ കൊന്ന കുട്ടിയുടെ പേരെന്താണ്, നൂഹ് നബിയുടെ കപ്പലിന്റെ നീളവും വീതിയും ഉയരവും എത്രയാണ്, അതിൽ കയറ്റിയ മൃഗങ്ങളുടെ പേരുകൾ എന്തൊക്കെ തുടങ്ങി ഖുർആൻ പ്രാധാന്യം കൽപിക്കാത്ത കാര്യങ്ങൾ ഉദാഹരണം. ■